# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 04/ 05/ 2021


## “നിയന്ത്രണം കടുപ്പിക്കാൻ സിറ്റി പോലീസ് - കൂടുതൽ സേന രംഗത്ത്”

കൊല്ലം : കോവിഡ് വ്യാപന തോത് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കി സിറ്റി പോലീസ്. ഇതിന്റെ ഭാഗമായി ജില്ലാ കേന്ദ്രമായ ചിന്നക്കടയിൽ ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസ്സ് പരിശോധനകൾക്ക് നേതൃത്വം നൽകി. അവശ്യ സേവനത്തിന് ഒഴികെയുള്ള മുഴുവൻ പോലീസുദ്യോഗസ്ഥരും നാളെ മുതൽ പരിശോധനകൾക്ക് നിരത്തുകളിലുണ്ടാകുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഗവൺമെന്റ് ഏർപ്പെടുത്തിയ ഇളവുകൾ തുടരുമെങ്കിലും ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യൽ സ്ക്വാഡുകളുടെ മിന്നൽ പരിശോധനകൾ ഫലം ചെയ്യുന്നതിനാൽ ഇവരുടെ പ്രവർത്തനം ശക്തിപ്പെടുത്തി. പ്രതിരോധ പ്രവർത്തനങ്ങൾ നിരിക്ഷിക്കുന്നതിന് വേണ്ടി പോലീസ് വികസിപ്പിച്ച കോവിഡ് സേഫ്റ്റി ആപ്പിന്റെ ഉപയോഗം വർദ്ധിപ്പിച്ചു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മാസ്ക്ക് ധരിക്കാതെയും സാമൂഹ്യ അകലം പാലിക്കാതിരിക്കുകയും ചെയ്ത 5267 പേർ പിഴ നൽകുകയും 11044 പേർക്ക് നോട്ടീസ് നൽകുകയും ചെയ്തു. കോവിഡ് പ്രോട്ടോക്കോൾ പാലിക്കാതിരുന്ന 93 വാഹനങ്ങൾക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും 1017 വാഹനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. പോലീസ് നടപടികൾക്കിടയിൽ 37,773 പേർക്ക് ബോധവൽക്കരണം നടത്തുകയും ആവർത്തിക്കരുതെന്ന് വാണിംഗ് നൽകുകയും ചെയ്തു. വിട്ടുവീഴ്ചയില്ലാത്ത നടപടികൾ പോലീസ് സ്വീകരിക്കുന്നതിനാൽ അനാവശ്യ യാത്ര ഒഴിവാക്കി കോവീഡ് നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിക്കുന്നു.

